**റൂളിംഗ്**

മി. സ്പീക്കർ: 2024-ലെ രണ്ടാം നമ്പർ ഓർഡിനൻസായ 2024-ലെ കേരള ടാക്സേഷൻ ലാസ് (അമെന്റ്മെന്റ്) ഓർഡിനൻസ് പുറപ്പെടുവിച്ചത് സഭയുടെ 12-ാം സമ്മേളനം സംബന്ധിച്ച സമൻസ് അയച്ചതിനുശേഷമാണെന്നും ഈ നടപടി സഭയുടെ കീഴ്വഴക്കത്തിനും സ്പീക്കറുടെ റൂളിംഗിനും വിരുദ്ധമാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. കൂടാതെ, അപ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസിനുപകരമായി സഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാതിരുന്നത് അംഗീകൃത നടപടിക്രമങ്ങളുടെ ലംഘനമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓർഡിനൻസിനുപകരമുള്ള ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഭരണഘടനയുടെ അനുച്ഛേദം 213(2) പ്രകാരം പ്രസ്തുത ഓർഡിനൻസ് നിരാകരിക്കുവാനുള്ള അവസരം അംഗങ്ങൾക്ക് ലഭിച്ചുവരുന്നത്. എന്നാൽ പരാമർശ വിധേയമായ ഓർഡിനൻസിന്റെ കാര്യത്തിൽ സഭയുടെ ഭരണഘടനാ അവകാശം

നിഷേധിക്കപ്പെടുകയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

മാത്രവുമല്ല, ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്നതും നമ്മുടെ നടപടിചട്ടങ്ങളിലെ ചട്ടം 75(1) പ്രകാരമുള്ളതുമായ സ്റ്റേറ്റ്മെന്റ് സഭ മുമ്പാകെ വരാതിരുന്നതുമൂലവും സഭാംഗങ്ങൾക്ക് നിർദിഷ്ട ഓർഡിനൻസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമാവാത്തൊരു സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യങ്ങൾക്ക് വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പരാമർശവിധേയമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം നടത്തുകയുണ്ടായി. ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു.

കേരള നിയമസഭയുടെ ആധികാരിക റഫറൻസ് പുസ്തകമായ "കേരള നിയമസഭ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും" എന്ന ഗ്രന്ഥത്തിൽ

ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതുസംബന്ധിച്ച് പരാമർശിച്ചിരിക്കുന്ന ചില ഭാഗങ്ങൾ ഞാൻ വായിക്കാം:

"ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള ഗവർണ്ണറുടെ അധികാരം സഭയിൽ എപ്പോഴും ചർച്ചാവിഷയമാകാറുണ്ട്. ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് സർക്കാരിന്റെ നിർദേശപ്രകാരമാണ്. ധനപരമായ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് വളരെ വിമർശനങ്ങൾ നേരിട്ടിട്ടുണ്ട്. നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ സഭയുടെ പരിഗണന കൂടാതെ ധനപരമായ ഓർഡിനൻസുകളായി വിജ്ഞാപനപ്പെടുത്തുന്നത് നല്ല പ്രവണതയല്ല. അതിനാൽ ധനപരമായ വിഷയങ്ങൾ സംബന്ധിച്ച ഓർഡിനൻസുകൾ അവ പുറപ്പെടുവിക്കാനിടയാകുന്ന സാഹചര്യങ്ങൾ വളരെ കൃത്യതയോടെ പഠിച്ചതിനുശേഷം അത് അത്യയധികം അനിവാര്യമാകുന്ന ഘട്ടത്തിലാണെങ്കിൽ മാത്രം പുറപ്പെടുവിക്കേണ്ടതാണ്.

ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ, ഇത്തരത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിലുള്ള അതൃപ്തി സ്പീക്കർ മാവ്‌ലങ്കാറും നെഹ്റുവുമായുള്ള കത്തിടപാടുകളിൽ കാണാം. സമയ ദൗർലഭ്യം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് കാരണമാകുന്നത് ശരിയായ കീഴ്വഴക്കമല്ലെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

സഭ സമ്മേളിക്കാൻ നോട്ടീസ് നൽകുകയോ തീയതി തീരുമാനിക്കുകയോ ചെയ്തശേഷം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. എന്നാൽ അത്യാവശ്യഘട്ടത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിൽ അപാകതയില്ലെന്ന് സ്പീക്കർ റൂൾ ചെയ്തിട്ടുണ്ട്.

ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി ഉപയോഗിക്കാവുന്ന ഒരു അസാധാരണ ആയുധമാണ് ഓർഡിനൻസ് എന്ന് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ മതിയായ സാഹചര്യങ്ങളിലല്ലാതെ

അവ പുറപ്പെടുവിക്കാനോ റീപ്രൊമുൽഗേറ്റ് ചെയ്യാനോ പാടില്ലെന്നും റീപ്രൊമുൽഗേഷൻ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ പാടുള്ളൂയെന്നും ഓർഡിനൻസുകൾ മുഖേന നിയമനിർമ്മാണം യാഥാർത്ഥ്യമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. "

ഇതിൽനിന്നും ഈ ഓർഡിനൻസ് പുറപ്പെടുവിച്ച നടപടിയിൽ ഭരണഘടനാ വിരുദ്ധമായോ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നും ഉണ്ടായിട്ടില്ലെന്ന് കാണാവുന്നതാണ്. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട മറ്റ് ചില കാര്യങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്ന് തന്നെയാണ് ചെയറും നിരീക്ഷിക്കുന്നത്.

എന്നാൽ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്ന പ്രസ്താവന, ഓർഡിനൻസിനുപകരമുള്ള ബില്ലിനോടൊപ്പം സഭ മുമ്പാകെ വയ്ക്കണമെന്നുള്ളത് നമ്മുടെ സഭാ ചട്ടങ്ങളുടെ ഭാഗമായി ചട്ടം 75(1)-ൽ ചേർത്തിരിക്കുന്ന ഒരു വ്യവസ്ഥ മാത്രമാണ്. അത് ബില്ലിന്റെ ചർച്ചാവേളയിൽ അംഗങ്ങൾക്ക്

സഹായകരമായ ഒരു ഔദ്യോഗിക വിശദീകരണം എന്ന നിലയിൽ നൽകേണ്ട ഒരു രേഖ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടുവരുന്നത്. ഈ നടപടിക്രമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം നടക്കുന്ന ഈ സഭാ സമ്മേളനം നിയമ നിർമ്മാണത്തിനായുള്ള സമ്മേളനമായിട്ടുകൂടി 2024-ലെ 2-ാം നമ്പർ ഓർഡിനൻസിനുപകരമായി നിയമം നിർമ്മിക്കാനുള്ള ബിൽ കഴിഞ്ഞ ദിവസം മാത്രമാണ് വിജ്ഞാപനം ചെയ്ത് കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കാനായത്. ഒക്ടോബർ 4-ാം തീയതി ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിൽ ഇതിനായുള്ള ബിൽ ഷെഡ്യൂൾ ചെയ്യാൻ കഴിയാതിരുന്നത് അതുമൂലമാണ്. ഫലത്തിൽ ഈ നിയമനിർമ്മാണ സെഷനിൽ പ്രസ്തുത ബിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സമ്മേളനം ആരംഭിച്ചതുമുതൽ 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസ് ലാപ്സാവുകയും ആയത് വീണ്ടും പുനഃപ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നു.

സംസ്ഥാനത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന പ്രവണത മുൻ വർഷങ്ങളിൽ കൂടുതലായി നിലനിന്നിരുന്നെങ്കിലും സമീപകാലത്ത് അതിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ഗുണപരമായ ഒരു മാറ്റമായി കാണാവുന്നതാണ്. കഴിഞ്ഞ അഞ്ച് നിയമസഭകളുടെ കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകളുടെ എണ്ണം പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകുന്നതാണ്.

പത്താം കേരള നിയമസഭ - 78

പതിനൊന്നാം കേരള നിയമസഭ - 142

പന്ത്രണ്ടാം കേരള നിയമസഭ - 197

പതിമൂന്നാം കേരള നിയമസഭ - 215

പതിനാലാം കേരള നിയമസഭ - 224 (വർധനവ് - കോവിഡ് പശ്ചാത്തലത്തിൽ)

പതിനഞ്ചാം കേരള നിയമസഭ - 112 (സെപ്റ്റംബർ 30 വരെ).

വളരെ ഗണ്യമായ കുറവാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. അതിൽത്തന്നെ 2022-ൽ 15, 2023-ൽ 04, 2024-ൽ 02 എന്നീ ക്രമത്തിൽ

വളരെ തുച്ഛമായ എണ്ണം ഓർഡിനൻസുകളാണ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എന്നത് പ്രത്യേകമായി കാണേണ്ടതാണ്.

ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ തൊട്ടടുത്തുവരുന്ന സഭാ സമ്മേളനത്തിൽത്തന്നെ അതിനുപകരമുള്ള നിയമനിർമ്മാണം നടത്തണമെന്നുതന്നെയാണ് ഈ സഭ ഒന്നാകെ ആഗ്രഹിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഭാവിയിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്ത ചേരുന്ന സഭാ സമ്മേളനത്തിൽത്തന്നെ പകരം നിയമം പാസ്സാക്കാനായി ബന്ധപ്പെട്ട മന്ത്രിയും ഭരണവകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഒരു ഓർഡിനൻസ് തന്നെ ആവർത്തിച്ച് പുറപ്പെടുവിക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാധാരണ ഗതിയിൽ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം തിരികെ വരാൻ മൂന്ന് ദിവസം വേണം. കാര്യമായ വ്യത്യാസങ്ങൾ ഇല്ലാതെ

കേന്ദ്രത്തിന്റെ നിയമം അതുപോലെ തന്നെയാണ് ഈ ബില്ലിൽ വരുന്നത്. വീണ്ടും ഒരിക്കൽ കൂടി ഓർഡിനൻസ് പുറപ്പെടുവിക്കാതെ ഇത് പാസ്സാക്കാൻ കഴിയുമെങ്കിൽ നല്ലതായിരുന്നുവെന്ന റിക്വസ്റ്റാണ് ഇവിടെ ഉന്നയിച്ചത്.

മി. സ്പീക്കർ: ഇതൊരു പ്രത്യേക കേസായി പരിഗണിക്കാൻ പ്രതിപക്ഷനേതാവ് സമ്മതിക്കുകയാണെങ്കിൽ സഭ അതിന് തയ്യാറാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അതുമായി സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. പീനൽ പ്രൊവിഷൻകൂടി ഉള്ളതാണ്, ഏതായാലും ഓർഡിനൻസ് പുറപ്പെടുവിച്ചതല്ലേ, ബിൽ പാസ്സാക്കിയാൽ മതി. ഇവിടെ പറഞ്ഞല്ലോ, ഏറ്റവും കൂടുതൽ ബിൽ പാസ്സാക്കി, ഓർഡിനൻസ് ഇല്ലെന്ന്. പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം ഉണ്ടായതുകൊണ്ടാണ് അതിന് സാധ്യമായത്. ഇതിനുമുമ്പുള്ള ബി.എ.സി.-കൾ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. ഇതുപോലെ ഒരു ദിവസം മൂന്നുംനാലും ബില്ലെടുക്കാൻ ബി.എ.സി.-യിലെ ഒരു പ്രതിപക്ഷവും ഒരു കാലത്തും സമ്മതിച്ചിട്ടില്ല. ഓർഡിനൻസുകൾ റിപ്ലേസ് ചെയ്ത് ബില്ലാകുന്നതാണ് ലെജിസ്ലേച്ചറിന്റെ ഒരു പ്രൊപ്രൈറ്റി എന്നതുകൊണ്ടാണ് ഞങ്ങൾ ബിസിനസ്സ് അഡ്വൈസറി

യോഗങ്ങളിൽവന്ന് ബിൽ പാസ്സാക്കാൻ വേണ്ടിയുള്ള ഗവൺമെന്റിന്റെ മൂവ്മെന്റിനോട് പൂർണ്ണമായി സഹകരിച്ചിട്ടുള്ളത്. ഇവിടെ ഓർഡിനൻസ് ഇല്ലാതെ ഇത്രയും എളുപ്പത്തിൽ, 7 ദിവസംകൊണ്ട് ഇത്രയും ബില്ലുകൾ പാസ്സാകുന്നത് ഞങ്ങൾ നൽകിയ സഹകരണത്തിന്റെകൂടി ഭാഗമാണെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. നമുക്ക് ഒരു പ്രീസിഡന്റ് ഉണ്ടാക്കേണ്ട. ചർച്ച ചെയ്യാതെ ഒരു ദിവസംകൊണ്ട് പാസ്സാക്കുന്ന ഒരു പ്രീസിഡന്റ് ബില്ലിന്റെ കാര്യത്തിൽ വേണ്ട. കുറച്ചുകൂടി നന്നായി പോകുന്നതാണ് നല്ലതെന്നാണ് ഞങ്ങളുടെ അഭിപ്രായം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ശരിയാണ്. പ്രതിപക്ഷവും കൂടി സഹകരിച്ചതുകൊണ്ടാണ് നമുക്ക് ഒരു ദിവസം മൂന്നുംനാലും ബില്ലുകൾ പാസ്സാക്കാൻ കഴിഞ്ഞത്. എന്നാൽ അദ്ദേഹം തന്നെ പറഞ്ഞ ഒരു പ്രധാനപ്പെട്ട ഭാഗമുണ്ട്. ലെജിസ്ലേച്ചറിന്റെ അധികാരം കവർന്നെടുക്കുന്നു എന്ന് ജസ്റ്റിസ് പി. എൻ. ഭഗവതിയുടെ വിധിന്യായം സൂചിപ്പിക്കുകയുണ്ടായല്ലോ. റീപ്രൊമുൽഗേഷൻ ഓഫ് ഓർഡിനൻസ്, അത് പരമാവധി

ഒഴിവാക്കേണ്ടതാണെന്നത് സംബന്ധിച്ച് ധാരാളം വിധികൾ വന്നിട്ടുണ്ട്. ഇപ്പോൾ നമ്മൾ ഇത് ചർച്ച ചെയ്ത് പാസ്സാക്കാത്ത സാഹചര്യം വന്നാൽ നമ്മൾ തന്നെ റീപ്രൊമുൽഗേഷനൊരു വഴി തുറക്കുകയാണ് ചെയ്യുന്നത്. ഒരേ നിയമം, കേന്ദ്ര നിയമം തന്നെയാണ് വ്യത്യാസമില്ലാതെ ഇവിടെയും വരുന്നത്. പ്രതിപക്ഷം സഹകരിച്ചതുകൊണ്ടു തന്നെയാണ് നമ്മൾ 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ (നിരവധി ബില്ലുകൾ റിപ്പീൽ ചെയ്യുന്നത്) ഇവിടെ പാസ്സാക്കിയത്. പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയോട് കൂടിയാണ് ഈ സെഷനിൽ അത് പാസ്സാക്കാൻ കഴിഞ്ഞത്. നമ്മൾ അംഗീകരിക്കുകയാണെങ്കിൽ നമുക്കൊരു തെറ്റായ പ്രാക്ടീസ് ഒഴിവാക്കാൻ സാധിക്കും. റീപ്രൊമുൽഗേഷൻ എന്നുള്ളത് ഒഴിവാക്കാൻ സഹായകരമായിരിക്കും. ഒരേ വ്യവസ്ഥ, കേന്ദ്ര നിയമത്തിലെ അതേ വ്യവസ്ഥകൾ തന്നെയാണുള്ളത്. അതുകൊണ്ട് പ്രതിപക്ഷനേതാവിന്റെ സഹകരണ മനോഭാവം ഇക്കാര്യത്തിലുമുണ്ടെങ്കിൽ നല്ലൊരു മാതൃക നമുക്ക് കേരളത്തിന് നൽകാൻ കഴിയും.

മി. സ്പീക്കർ: ഗവൺമെന്റിനുവേണ്ടി നിയമ വകുപ്പുമന്ത്രി ഒന്നുകൂടി റിക്വസ്റ്റ് ചെയ്യു.

ശ്രീ. വി. ഡി. സതീശൻ: സർ, സെപ്റ്റംബർ 27-ാം തീയതി ഇവർ ഓർഡിനൻസ് പുറപ്പെടുവിച്ചു. ലാ ഡിപ്പാർട്ടുമെന്റിൽ ഓർഡിനൻസ് തയ്യാറാക്കുന്നതും ലെജിസ്ലേറ്റീവ് പ്രോസസ്സിന് തുല്യമായിട്ടുള്ളൊരു ലീഗൽ പ്രോസസ്സാണ്. 27-ാം തീയതി ഓർഡിനൻസ് പുറപ്പെടുവിച്ച സംഭവത്തിന് ഇന്നാണ് ഇവർക്ക് ബിൽ കൊണ്ടുവരാൻ കഴിഞ്ഞത്. അതിൽനിന്നും മനസ്സിലാകുന്നത് നിയമസഭയിൽ ബിൽ കൊണ്ടുവന്ന് പാസ്സാക്കാൻ താൽപര്യമുണ്ടായിരുന്നില്ലെന്നാണ്. അതാണ് പ്രശ്നം.

മി. സ്പീക്കർ: ഗവൺമെന്റ് ചെയറിനോട് റിക്വസ്റ്റ് ചെയ്യു. ചെയർ മുന്നോട്ടുവച്ച നിർദേശവുമായി സഹകരിക്കാൻ പ്രതിപക്ഷം ഒരു തരത്തിലും തയ്യാറല്ല.